C. S. (Main) Exam : 2011

D-DTN-L-NMA

# MALAYALAM

## Paper I

## (Literature)

*Time Allowed : Three Hours* | *Maximum Marks : 300*

---

### *INSTRUCTIONS*

***Candidates should attempt questions 1 and 5 which are compulsory, and any THREE of the remaining questions selecting at least ONE question from each Section.***

***The number of marks carried by each question is indicated at the end of the question.***

***Answers must be written in Malayalam.***

---

## SECTION A

1. താഴെ നൽകിയിട്ടുള്ള എല്ലാചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോ ഉത്തരവും ഇരുന്നൂറുവാക്കിൽ കവിയരുത്. ഓരോന്നിനും പതിനഞ്ച് മാർക്കു് വീതം : *15×4=60*

   (a) മലയാള ഭാഷയുടെ ഉത്പത്തിയെപ്പറ്റിയുള്ള ചർച്ചയിൽ കേരളപാണിനി അവതരിപ്പിക്കുന്ന ആറ് നയങ്ങൾ ഏതെല്ലാം ? ഉദാഹരണസഹിതം വിശദമാക്കുക.

(b) ‘ആട്ടക്കഥ’ എന്നാലെന്തു് ?
മലയാളഭാഷയുടെ വളർച്ചയിൽ
അതിനുള്ള സ്ഥാനം നിർണയിക്കുക.

(c) മലയാള ഭാഷയുടെയും
സാഹിത്യത്തിന്റെയും അടിത്തറ
ഉറപ്പിക്കുന്നതിൽ കിളിപ്പാട്ടു് കൃതികൾ
വഹിച്ച പങ്കു് എന്തെന്നു് വിമർശന
ബുദ്ധിയോടെ പരിശോധിക്കുക.

(d) ‘ആട്ടപ്രകാരം’, ‘ക്രമദീപിക’ — ഇവയുടെ
സാമ്യ വ്യത്യാസങ്ങൾ വ്യക്തമാക്കി,
പ്രാചീന മലയാള ഗദ്യ സ്വരൂപവുമായി
ഇവ എങ്ങനെ ബന്ധ പ്പെടുന്നുവെന്നു്
പരിശോധിക്കുക.

**2.** (a) ‘മണിപ്രവാളം’ എന്നാലെന്തു് ?
ഏതെങ്കിലും ഒരു മണിപ്രവാള കൃതിയെ
ആസ്പദമാക്കി മണിപ്രവാള ഭാഷയുടെ
പ്രത്യേകതകൾ വിശദമാക്കുക. *30*

(b) ‘ഭക്തിയുടെയും വീരാരാധനയുടെയും
ഒരുതരം വഴിഞ്ഞൊഴുകലാണു് നാടൻ
പാട്ടുകൾ’ — നിരൂപണം ചെയ്യുക. *30*

**3.** (a) ‘കൃഷ്ണഗാഥ’ യിലെ ഭാഷ ആധുനിക
മലയാളത്തോട് സാമീപ്യം
പുലർത്തുന്നുണ്ടോ യെന്നു്
സോദാഹരണം പരിശോധിക്കുക. *30*

(b) പുരാണകഥയിൽ വരുത്തിയ കേരളീയത്വവും അതിനെ മുൻനിർത്തിയുള്ള സാമൂഹ്യ വിമർശനവുമാണ് തുള്ളൽ കൃതികൾക്ക് ഇത്രമാത്രം ജനപ്രീതി നേടിക്കൊടുത്തത് — ശരിയോ ? *30*

4. (a) ആധുനിക മലയാള ഗദ്യ ഭാഷയുടെ വളർച്ചയ്ക്ക് ക്രൈസ്തവ മിഷനറിമാർ നൽകിയിട്ടുള്ള സംഭാവനകൾ എന്തെല്ലാമെന്ന് പരിശോധിക്കുക. *30*

(b) മലയാള കവിതയിലെ കാല്പനിക പൂർവ്വാവസ്ഥയെ വിമർശനാത്മകമായി വിലയിരുത്തുക. *30*

## SECTION B

5. താഴെ നൽകിയിട്ടുള്ള എല്ലാചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഒരോ ഉത്തരവും ഇരുന്നൂറുവാക്കിൽ കവിയരുത്. ഓരോന്നിനും പതിനഞ്ച് മാർക്കു വീതം : *15×4=60*

   (a) 'വള്ളത്തോൾ ശബ്ദ സുന്ദരൻ' — വിശദീകരിക്കുക.

   (b) പ്രാചീന മലയാള കവിതാ സാഹിത്യത്തിൽ 'രാമചരിതം' എന്ന കൃതിക്കുള്ള സ്ഥാനമെന്തു് ?

   (c) 'മലയാളത്തിൽ യാത്രാവിവരണ സാഹിത്യ കൃതികൾ താരതമ്യേന കുറവാണു്' — ഈ പ്രസ്താവം ശരിയോ ? പരിശോധിക്കുക.

   (d) 'ആധുനികത' (Modernity) എന്നതിനു് സാഹിത്യചർച്ചയിൽ എന്താണു് പ്രസക്തി ? ആധുനിക മലയാള കവിതകളിൽ നിന്നു് ഉദാഹരണം നൽകി വിശദമാക്കുക.

6. (a) വെണ്മണിക്കവികളെപ്പറ്റി ഒരുപന്യാസം ഏഴുതുക. *30*

   (b) പാട്ടുഭാഷയ്ക്കു് കണ്ണശ്ശരാമായണം, കൃഷ്ണഗാഥ, ആദ്ധ്യാത്മരാമായണം ഇവയിലൂടെ ഉണ്ടായ ക്രമികമായ പരിണാമത്തെക്കുറിച്ച് ചർച്ചചെയ്യുക. *30*

7. (a) ആധുനിക മലയാള നോവൽ സാഹിത്യത്തിന്റെ ശക്തികേന്ദ്രങ്ങൾ സൂചിപ്പിച്ചുകൊണ്ടു് വിശദമായ ഒരു ആമുഖം തയ്യാറാക്കുക. *30*

(b) മലയാളചെറുകഥയിൽ പ്രതിപാദ്യത്തിനും പ്രതിപാദനത്തിനും സംഭവിച്ച മാറ്റങ്ങളുടെ സ്വഭാവം വിവരിക്കുക. *30*

8. (a) 'സമകാലീന മാധ്യമ മലയാളം മലയാളത്തനിമ പുലർത്തുന്നില്ല.' ചർച്ചചെയ്യുക. *30*

(b) ജീവചരിത്ര സാഹിത്യം മലയാളത്തിൽ വേണ്ടത്ര ശക്തി പ്രാപിച്ചിട്ടില്ല എന്ന അഭിപ്രായം പരിശോധിക്കുക. *30*